കീഴ്പ്പോട്ടുപോകുന്ന അവസരത്തിൽ ഇറക്കുമതി ചെയ്ത റബ്ബർ വിതരണം സംബന്ധിച്ച് കേന്ദ്രഗവൺമെൻറിനെ അറിയിച്ചു, ഇപ്പോഴും നിർത്തിവച്ചിരിക്കുകയാണ്. ഒരു കാരണവശാലും വില കുറഞ്ഞുവരുന്ന അവസരത്തിൽ വിതരണം ചെയ്യാൻ പാടില്ലായെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെൻറ് ശ്രദ്ധാപൂർവ്വമായ നടപടി സ്വീകരിച്ചിട്ടുണ്ട്. റീപ്ലാൻറിങ്ങിനെ സംബന്ധിച്ചിടത്തോളം, സബ്സിഡി കൊടുക്കുന്ന കാര്യത്തിൽ ഏഴാം പദ്ധതിയിൽ പണം കുറവാണെന്ന് കണ്ട് നാഷണൽ ഡവലപ്പ്മെൻറ് കൗൺസിലും സ്റ്റേറ്റ് ഗവൺമെൻറ് ഇക്കാര്യം കേന്ദ്രഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇക്കൊല്ലം പണം ഉറപ്പാക്കൊള്ളിക്കണം എന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ് : സർ, എസ്. ടി. സി. ഇപ്പോഴും വലിയ എസ്റ്റേറ്റുകളിലെ ഗ്രേഡ് റബ്ബർ മാത്രമാണ് വാങ്ങിക്കൊണ്ടിരിക്കുന്നത്. ചെറുകിട കർഷകരുടെ ലോട്ട് റബ്ബർ വാങ്ങിക്കുന്നില്ല. അതുകൊണ്ട് ലോട്ട് റബ്ബർ കൂടി വാങ്ങിക്കാനുള്ള സംവിധാനം എസ്. ടി. സി. യെ കൊണ്ട് ചെയ്യിപ്പിക്കണം. ലോട്ട് റബ്ബർ വാങ്ങിയാൽ ഈ തർക്കം തീരും. അതുപോലെതന്നെ 35,000 ടൺ മാത്രമാണ് കൂടുതലായി ആവശ്യമെന്ന് റബ്ബർ ബോർഡ് പറയുന്നത്. 40,000 ടൺ ഇതിനകം ഇറക്കുമതി നടത്തിയിരിക്കുന്നു. സെപ്റ്റംബർ മാസം ഇറക്കുമതി നടത്തിയ 40,000 ടൺ റബ്ബറിൽ 36,000 ടൺ റബ്ബറും റിലീസ് ചെയ്തിരിക്കുന്നു. ഇതും ശരിയായ നടപടിയല്ല. അതുകൊണ്ട് ഈ ലോട്ട് റബ്ബർ വാങ്ങിക്കാനുള്ള നടപടി സ്വീകരിക്കണം. റബ്ബർ കൂടുതൽ ഉല്പാദിപ്പിക്കുന്ന സമയത്ത് ഇറക്കുമതി ചെയ്ത റബ്ബർ റിലീസ് ചെയ്തത് വ്യവസായികളെ രക്ഷിക്കുന്ന നടപടി നിർത്തിവയ്ക്കാൻ എസ്. ടി. സി. യെ ഉപദേശിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : സർ, ചെറുകിട കൃഷിക്കാരിൽ നിന്നും സഹകരണസംഘങ്ങൾ മുഖേന വാങ്ങിച്ച് മാർക്കറ്റിംഗ് ഫെഡറേഷനാണ് വില്ക്കുന്നത്. അതുകൊണ്ട് ചെറുകിടകൃഷിക്കാർക്ക് വേണ്ട സംരക്ഷണം കൊടുക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. ഉല്പാദനം വർദ്ധിക്കുന്ന കാലഘട്ടത്തിൽ ഒരു കാരണവശാലും എസ്. ടി. സി. ഇറക്കുമതി നടത്തിയ റബ്ബർ വിതരണം നടത്തരുതെന്ന് അവശ്യപ്പെട്ടിട്ടുണ്ട്.

(2) നെയ്യാറിൻകര നിയോജകമണ്ഡലത്തിലെ വാഴിച്ചൽ-അമ്പൂരി, ഇടവാൽ-തുടലി റോഡുകളുടെ പണി

ശ്രീ. എസ്. ആർ. തങ്കരാജ് : സർ, നെയ്യാറിൻകര നിയോജകമണ്ഡലത്തിലെ രണ്ട് എം. എൽ. എ. റോഡുകളും നാളിതുവരെ പണി ആരംഭിക്കാത്തതിലും ഈ സാമ്പത്തിക വർഷത്തിൽ ഇതിനുവേണ്ടി ബഡ്ജറ്റിൽ ഒരു പൈസപോലും ഉറപ്പാക്കൊള്ളിക്കാത്തതിലും പണി തുടങ്ങുന്നതിന് കാലതാമസം നേരിട്ടുകൊണ്ടിരിക്കുന്നതിലും ജനങ്ങൾക്കുള്ള ഉൽക്കണ്ഠ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ വേണ്ടിയാണ് ഇത് ഞാനിവിടെ അവതരിപ്പിക്കുന്നത്. എം.എൽ.എ. റോഡുകളെന്നുകേൾക്കുമ്പോഴത്തന്നെ നമ്മൾ ആദ്യം ഓർക്കുന്നത് മുൻ ഉപമുഖ്യമന്ത്രിയായിരുന്ന അന്തരിച്ച ശ്രീ. സി. എച്ച്. മുഹമ്മദുകോയയെയാണ്. അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച് ആണ് ഓരോ നിയോജകമണ്ഡലത്തിലെയും എം. എൽ. എ. മാർ രണ്ട് റോഡുകൾ വീതം പ്രിഫറൻഷ്യലായിട്ട് എഴുതിക്കൊടുക്കുവാൻ നിർദ്ദേശിച്ചതും അതിനെത്തുടർന്ന് എഴുതിക്കൊടുത്തതും. 1984-85 ലും 1985-86-ലും ബഡ്ജറ്റിൽ തുകകൊള്ളിച്ചിരുന്ന രണ്ട് റോഡുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

1986-87 വന്നപ്പോഴും ഒരു പൈസപോലും കൊള്ളിക്കാതെ അതിന്റെ പണി അടിയന്തിരമായി തുടങ്ങുമെന്ന് ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രി പ്രഖ്യാപനങ്ങൾ നടത്തുകയും, എന്നാൽ പണി തുടരാതെ നീട്ടിക്കൊണ്ടുപോവുകയും ചെയ്യുന്ന ഒരു പ്രതിഭാസമാണ് ഇവിടെ ദിവസേന കണ്ടുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയോട് എനിക്ക് വിനീതമായി പറയാനുള്ളത്, കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ എന്റെ ചോദ്യത്തിന് മറുപടിയായി അങ്ങ്, പറഞ്ഞത്, മാറ് സാങ്കേതിക തടസ്സങ്ങളൊന്നുമില്ലെങ്കിൽ ഇരുപത്തിനാല് മണിക്കൂറിനകം ആ റോഡുകളുടെ പണിയാരംഭിക്കാനുള്ള ഉത്തരവ് കൊടുക്കുമെന്നാണ്. ഇരുപത്തിനാല് മണിക്കൂറിനകമെന്നു പറഞ്ഞത്, ഇരുപത്തിനാലു ദിവസത്തിനകമെന്നു പറഞ്ഞിരുന്നുവെങ്കിൽ യാതൊരു വിഷമവും ഉണ്ടാകില്ലായിരുന്നു. രണ്ടുറോഡുകളിൽ വാഴിച്ചൽ-അമ്പൂരി റോഡിന് ടെണ്ടറായിക്കഴിഞ്ഞതാണ്. അതിന് സാങ്കേതികമായ ചില നടപടികളും കൊണ്ട് സമയം വേണ്ടിവരുമെന്ന് പറഞ്ഞു. ഇടവാൽ-തുടലി റോഡിന്റെ എം. എസ്. ടെൻറർ സാങ്ഷനും കൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നേരിട്ട് ഉപമുഖ്യമന്ത്രിയുടെ കയ്യിലെഴുതി കൊടുത്തതാണ്. അടിയന്തിരമായി നടപടി നടത്തുമെന്നും പറഞ്ഞു. പക്ഷേ ഒരുമാസത്തിനുമുമ്പ് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ അനുവദിച്ചിട്ടുണ്ടെന്നുള്ള മറുപടി കിട്ടി. ടെണ്ടർ സാങ്ഷൻ ചെയ്താൽ പോലും വീണ്ടും ഒന്നുരണ്ടുമാസം പിടിക്കും. In the circumstances reported by the Chief Engineer (Roads and Buildings) in his letter read above, Administrative sanction is accorded for the work of improvement to Idaval-Thudali Road at an estimate of Rs. 18.55 lakhs (Rupees Eighteen lakhs and fiftyfive thousand only). This road has been included under the M.L.A.'s 2-roads in Neyyattinkara constituency. The work has been included in the current years budget with nil provision vide item No. 1602/84/Vol. II, detailed budget estimate 1986-87. ഇതാണ് തന്ന മറുപടി ഈ രണ്ടു റോഡുകളുടെ കാര്യം എഴുതി കൊടുത്തതിൽ, ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 1982 മേയ് മാസം ഇരുപത്തിനാലാം തീയതി സത്യപ്രതിജ്ഞ ചെയ്യുമ്പോൾ വാഴിച്ചൽ-അമ്പൂരി റോഡിന്റെ പണി ടെണ്ടർ ചെയ്യാൻ പാകമായിരുന്നു. അത് ടെണ്ടർ ചെയ്തു എഗ്രിമെന്റ് വയ്ക്കുന്നതിനുമുമ്പാണ് വരൾച്ച ബാധിക്കുകയും സാമ്പത്തിക നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തുകൊണ്ട് ഉത്തരവായത്. അന്നുമുതൽ ഈ രണ്ടുറോഡുകളുടേയും പണി അടിയന്തിരമായി തുടങ്ങുവാനുള്ള നടപടിയെടുക്കണമെന്നുപറഞ്ഞ് നിവേദനം നൽകിയതാണ്. നാലര വർഷം കഴിഞ്ഞിട്ടും അതിന്റെ യാതൊരു നടപടികളും മുന്നോട്ടുകൊണ്ടുപോയിട്ടില്ല. ഈ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളും ഇവിടത്തെ മന്ത്രിമാരെ ബഹുമാനിക്കുന്നവരാണ്, ആദരിക്കുന്നവരാണ്. പക്ഷേ ഈ മന്ത്രിമാർ പ്രാദേശികമന്ത്രിമാരായിട്ടും. ഗ്രാമങ്ങളുടെ മന്ത്രിമാരായിട്ടും ജില്ലകളുടെ മന്ത്രിമാരായിട്ടും അധഃപതിച്ചിരിക്കുകയാണ്. ആ നിലയിൽ പക്ഷപാതം കാണിക്കുന്നുവെന്നോ, സ്വജനപക്ഷപാതം കാണിക്കുന്നുവെന്നോ, അഴിമതി നടത്തുന്നുവെന്നോ, ക്രമക്കേടുകൾ കാണിക്കുന്നുവെന്നോ പറഞ്ഞാൽ നിങ്ങൾക്കു എതിർക്കാൻ കഴിയില്ല. ഈ സമ്മേളനം തുടങ്ങുന്നതിനുമുമ്പ് നാലു ചോദ്യങ്ങൾ ഇതുമായി ബന്ധപ്പെടുത്തി ഞാൻ എഴുതി അയച്ചിരുന്നു. അതിൽ രണ്ടു ചോദ്യങ്ങൾക്ക് മറുപടി തന്നു. ഈ രാജ്യത്തെ മുഴുവൻ ജനങ്ങളെയും എം. എൽ. എ. റോഡുകൾ നൽകി ആദരിക്കുന്നുവെന്ന് പറഞ്ഞശേഷം ജനങ്ങളെ അവഹേളിക്കുന്ന ഈ പരിപാടി ഒന്നുകിൽ നിറുത്തണം, അല്ലെങ്കിൽ, ഈ പരിപാടിയെ വിജയപ്രദമായി, കാര്യക്ഷമമായി തുടർന്നു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുപോകണം. ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാത്ത റോഡുകളുണ്ടോയെന്ന് ചോദിച്ചപ്പോൾ ഇതിൽനിന്നും രക്ഷപ്പെട്ടിട്ടുള്ളത് മലപ്പുറം ജില്ലയിലെ റോഡുകളാണ്. അവിടെ റോഡുകൾക്ക് തുകകൊള്ളിക്കാത്തതായിട്ട് ഒന്നുമില്ല. അതുപോലെതന്നെ M.L.A. റോഡുകളുടെ പണി എന്തു മാത്രം മുന്നോട്ടു പോകുന്നു എന്നതായിരുന്നു മറ്റൊരു ചോദ്യം. അതിന് അനുബന്ധമായിട്ട് ചോദിച്ചത്, എന്തുകൊണ്ട് നെല്ലാറാറിൻകര നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡുകൾക്ക് ബഡ്ജറ്റിൽ പ്രൊവിഷൻ ഉണ്ടാകാതെ പോയതെന്നാണ്. അതിന് മറുപടിയില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എം.എൽ.എ. റോഡുകൾക്കുവേണ്ടി ചെലവുചെയ്തിട്ടുള്ള തുകയുടെ കണക്കുചോദിച്ചതിന്, കഴിഞ്ഞസഭ നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു ചോദ്യത്തിന് മറുപടിയായി പറയുകയുണ്ടായി, മലപ്പുറം ജില്ലയിൽ റോഡുകൾക്കുവേണ്ടി ഒരു കോടി അൻപത്തഞ്ചുലക്ഷം രൂപ ചെലവുചെയ്തു കഴിഞ്ഞുവെന്ന് ഇപ്പോൾ ഈ സഭയിൽനിന്ന് ഞാൻ സംസാരിക്കുമ്പോൾ അത് രണ്ടരകോടി രൂപ കഴിഞ്ഞിരിക്കുകയാണ്. പക്ഷേ മറ്റു ജില്ലകളിലുള്ള കണക്കുകൾ അവതരിപ്പിക്കുവാൻ തയ്യാറായില്ല. ഞാൻ ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയോട് സകല ആദരവോടുംകൂടി പറയാനാഗ്രഹിക്കുന്നത്, ജനങ്ങളെ ഇങ്ങനെയിട്ട് പന്താടരുതെന്നാണ് നിങ്ങൾ ഇരുപത്തിനാലു മണിക്കൂറിനകം ഉത്തരവുകൊടുക്കുമെന്ന് വാക്കുപറഞ്ഞതിനുശേഷം രണ്ടു മാസക്കാലം പിന്നിട്ടിരിക്കുകയാണ്. ഇനിയെങ്കിലും അടിയന്തിരമായി ടെണ്ടർ സാങ്ഷൻ ചെയ്യാനുള്ള നടപടിയെടുക്കണം. ടെണ്ടർ സാങ്ഷനു വേണ്ടി നിങ്ങളുടെ സെക്രട്ടറിയുടെ മുമ്പിൽ കടലാസ് എത്തിയിട്ടുണ്ട്. ഈ ബഡ്ജറ്റിൽ പ്രൊവിഷനില്ലാത്തതുകൊണ്ട് നിങ്ങളുടെ പ്രത്യേകാനുമതിയുണ്ടെങ്കിൽ മാത്രമേ വാഴിച്ചൽ-അമ്പൂരി റോഡിന്റെ പണിയാരംഭിക്കുവാൻ സാധിക്കുകയുള്ളു. ഇനി എഗ്രിമെന്റ് വച്ച് ജോലി തുടങ്ങേണ്ട കാര്യം മാത്രമേയുള്ളു. ഇത് മലയോരപ്രദേശത്തുകൂടിപോകുന്ന റോഡാണ്. അവിടത്തെ ബസ് സർവ്വീസുപോലും നിറുത്തിവച്ചിരിക്കുകയാണ്. ഈ രാജ്യത്തെ ജനങ്ങളോട് നിങ്ങൾക്കെന്തെങ്കിലും കടമയുണ്ടെങ്കിൽ പ്രാദേശിക മന്ത്രിമാർ എന്നുള്ള ക്രൂരമായ നിലവാരത്തിൽ നിന്ന് മാറി ഈ സംസ്ഥാനത്തെ മൊത്തം ജനങ്ങളുടെയും മന്ത്രിയെന്ന് തെളിയിക്കുന്നതിനു വേണ്ടിയെങ്കിലും ഈ റോഡിന്റെ പണി അടിയന്തിരമായി തുടങ്ങുവാനുള്ള നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതെല്ലാം തെറ്റാണ്. ഈ മന്ത്രിസഭയിലെ ആരും പ്രാദേശികമന്ത്രിമാരെപറ്റുള്ള ചിന്താഗതിയോടുകൂടി പ്രവർത്തിക്കുന്നവരല്ല. തിരുവനന്തപുരത്തെ മന്ത്രിയായ ശ്രീ. സുന്ദരം നാടാർ ഉൾപ്പെടെയുള്ളവർ സംസ്ഥാന മന്ത്രിമാരെന്നുള്ളനിലയിൽത്തന്നെയാണ് പ്രവർത്തിക്കുന്നത്. അദ്ദേഹം പറഞ്ഞതൊന്നും ശരിയല്ല. എന്തു ചോദിച്ചാലും അതിനെല്ലാം തക്കസമയത്ത് മറുപടി കൊടുത്തിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം മലപ്പുറം ജില്ലയെ സംബന്ധിച്ചിടത്തോളം ഉള്ള കണക്കുകൾ കൊടുത്തിട്ടുണ്ട്. എല്ലാ ജില്ലകളെ സംബന്ധിച്ചുള്ള കണക്കുകളും കൊടുത്തിരുന്നു. മലപ്പുറം ജില്ലയിൽ വേഗം റോഡിന് സ്ഥലം കിട്ടി, വർക്കു തുടങ്ങി, പേമെന്റ് നടത്തി. മറ്റ് ജില്ലകളിൽ ഇന്നും സ്ഥലം കിട്ടാത്ത എം.എൽ.എ. റോഡുകൾ ഉണ്ട്.

ശ്രീ. എസ്. ആർ. തങ്കരാജ് : ഏത് റോഡാണെന്ന് പേരു പറയണം.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : ഇങ്ങനെ ചോദിച്ചാൽ മറുപടി പറയാൻ പറ്റില്ല. അതിന് പ്രത്യേകം നോട്ടീസ് നൽകണം, അല്ലെങ്കിൽ മറ്റു അടിയന്തിരചോദ്യത്തിനുള്ള നോട്ടീസ് നൽകണം. അത്ര വിവരമില്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

എം. എൽ. എ. അല്ലല്ലോ. ഏത് റോഡിനാണ് സ്ഥലം കിട്ടാത്തതെന്ന് അറിയുവാൻ നേരത്തെ നോട്ടീസ് കൊടുക്കണം. അല്ലാതെ ഇങ്ങനെ പ്രസംഗത്തിനിടയിൽ കയറി ചോദിച്ചാൽ പറയാൻ സാദ്ധ്യമല്ല. അദ്ദേഹം പറഞ്ഞ റോഡുകളിൽ വാഴിച്ചൽ—അമ്പൂരി റോഡ് ആദ്യം ബഡ്ജറ്റ് ചെയ്ത റോഡല്ലായിരുന്നു. രണ്ടാമതായി ഈ റോഡ് എടുക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 1985-ൽ അതിന്റെ പണിക്കുള്ള അനുമതി കൊടുത്തു. ടെണ്ടർ വിളിച്ചപ്പോൾ 93 ശതമാനം എബൗ ആയി ടെണ്ടർ കിട്ടി. അതുകൊണ്ട് ഗവൺമെന്റിന് ടെണ്ടർ സ്വീകരിക്കാൻ നിവൃത്തിയില്ലായിരുന്നു. രണ്ടാമത് കാട്ടേഷൻ വിളിച്ചപ്പോൾ 94 ശതമാനം എബൗ ആയി കാട്ടേഷൻ കിട്ടി. P.W.D. യ്ക്ക് മാത്രമായി അനുവാദം കൊടുക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ആ ഫയൽ ഇപ്പോൾ ധനകാര്യവകുപ്പിൽ ഇരിക്കുകയാണ്. ധനകാര്യവകുപ്പിന്റെ സാങ്ഷൻ കിട്ടാതെ പൊതുമരാമത്തു വകുപ്പിന് അക്കാര്യത്തിൽ ഒന്നും ചെയ്യാൻ സാദ്ധ്യമല്ല.

അതുപോലെ രണ്ടാമത് പറഞ്ഞ റോഡിന്റെ കാര്യത്തിൽ ഇരുപത്തിനാലു മണിക്കൂറെന്നല്ല, പതിനഞ്ച് മണിക്കൂറിനകംതന്നെ എല്ലാ അനുമതിയും കൊടുത്തുകഴിഞ്ഞു..... ... .(ബഹളം).....

ശ്രീ. എസ്. ആർ. തങ്കരാജ് : മലബാറിലെ റോഡിനായിരിക്കും അനുമതി കൊടുത്തത്.

ശ്രീ. കെ. അബുക്കാദർകുട്ടി നഹ : മലബാറിലെ എം. എൽ. എ. റോഡിന്റെകാര്യം ഞാൻ നോക്കിക്കൊള്ളാം. മറ്റ് എം. എൽ. എ. മാർ നോക്കേണ്ട കാര്യമില്ല. മലബാറിന് പ്രത്യേകമായിട്ടൊന്നും കൊടുത്തിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ കേരളത്തിലെ ഒരു കാര്യവും അറിയാത്ത ആളിനെപ്പോലെയാണ് പറയുന്നത്. വികസനപരമായും രാഷ്ട്രീയമായും പഠിച്ചുവന്നിട്ട് പ്രസംഗിക്കണം. വെറുതെ അവശ്യമില്ലാത്ത കാര്യങ്ങളും വിളമ്പുകയല്ല വേണ്ടത്. ആവശ്യമുള്ളതിനെക്കുറിച്ച് പറയണം.

സർ, റോഡിനുവേണ്ടി എന്റെ ആഫീസിൽ എത്തി 24 മണിക്കൂറിനുള്ളിൽ അനുമതി കൊടുക്കുമെന്ന് പറയാറുണ്ട്. പറയുക മാത്രമല്ല ചെയ്യാറുമുണ്ട്. ഈ റോഡിനു ആവശ്യമായ എല്ലാ അനുമതിയും നൽകി. ഭരണാനുമതി, സാങ്കേതികാനുമതി, പിന്നെ സ്പെഷ്യൽ അനുമതി—ഇവയെല്ലാം കൊടുത്തുകഴിഞ്ഞു. ഗവൺമെന്റ് അതൊന്നും ചെയ്യാതിരിക്കില്ല. ഡിപ്പാർട്ടുമെന്റ് ടെൻഡർ വിളിക്കണം, അതിനുശേഷം വർക്ക് നടക്കണം. 24 മണിക്കൂറിനുള്ളിൽ പണി തുടങ്ങുമെന്ന് ഞാൻ പറഞ്ഞിട്ടില്ല. അങ്ങനെ ഒരു മന്ത്രിയും പറയുകയില്ല. അത് സാദ്ധ്യവുമല്ല. ഗവൺമെന്റിന് കൊടുക്കാൻ കഴിയുന്നത് അനുമതിയാണ്. അതുകൊടുത്തു കഴിഞ്ഞു. ചീഫ് എൻജിനീയർക്ക് കൊടുക്കാനുള്ള അനുമതിയും ഗവൺമെന്റ് സ്പെഷ്യൽ അനുമതിയും കൊടുത്തു. പിന്നെയും ആവശ്യമില്ലാതെ മലപ്പുറം ജില്ലയെ സ്റ്റാറി പ്രസംഗിക്കണ്ട. രാഷ്ട്രീയ പ്രസംഗം പുറത്തുവച്ച് നടത്തിയാൽ പോരേ ?

ശ്രീ. എസ്. ആർ. തങ്കരാജ് : ഇവിടെ, വാഴിച്ചൽ—അമ്പൂരി റോഡ് ഈ മന്ത്രിസഭ അധികാരത്തിൽ വന്നപ്പോൾ ടെൻഡർ ചെയ്ത റോഡാണ്. അത് ഉടൻ പണി തുടങ്ങുമെന്നുള്ള വിശ്വാസത്തിലാണ് മറ്റൊരു റോഡ് കൊടുത്തത്. അപ്പോഴാണ് ഇവിടെ സാമ്പത്തിക നിയന്ത്രണം ഏർപ്പെടുത്തിയത്. സാമ്പത്തിക നിയന്ത്രണം ഏർപ്പെടുത്തിയപ്പോൾ ആ ജോലി നിർത്തിവച്ചതുകൊണ്ടാണ് അതിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ആ റോഡിനെ മാറ്റി എഴുതിക്കൊടുത്തത്. അത് പാറകെട്ടുമാത്രം

LIBRARY ARCHIVES Kerala Legislative Assembly

നിറഞ്ഞ മലയോരപ്രദേശമാണ്. മലയോരപ്രദേശത്തിലുള്ള ആളുകൾക്ക് യാത്രാസൗകര്യമില്ല. അവിടെ ബസ് സർവ്വീസുപോലും നിർത്തിവച്ച ഒരു സാഹചര്യത്തിലാണ് ഇത് എഴുതിക്കൊടുത്തത്. ഇവിടെ ഞാൻ ഇത് പറഞ്ഞത് യാതൊരു ബേസുമില്ലാതെയല്ല. ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രി എഴുതിവച്ച ഉത്തരങ്ങളുടെ അടിസ്ഥാനത്തിലാണ് ഞാൻ ഇത് പറഞ്ഞത്. അദ്ദേഹം പ്രാദേശിക മന്ത്രിയെന്നു പറഞ്ഞത് അദ്ദേഹത്തിന്റെ പ്രവൃത്തി അതായതുകൊണ്ടാണ്. എത്രയാലും ഇനിയും ഈ വൈകിയ വേളയിലെങ്കിലും അദ്ദേഹം പറഞ്ഞ വാക്ക് പാലിക്കുവാൻ മനസ്സുണ്ടെങ്കിൽ എത്ര കാലത്തിനകം ഇതിന്റെ ജോലികൾ തുടങ്ങാൻ സാധിക്കുമെന്ന് പറയാമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : സർ, അദ്ദേഹം പറഞ്ഞതുതന്നെ തെറ്റാണ്. ഇപ്പോഴത്തെ അദ്ദേഹം പറഞ്ഞ ആദ്യത്തെ റോഡിനു ടെൻഡർ വിളിച്ചിരുന്നില്ല. ടെൻഡർ വിളിക്കാത്ത സാഹചര്യത്തിലാണ് അദ്ദേഹം ആദ്യം പറഞ്ഞ റോഡ് മാറ്റി ഈ റോഡ് എടുക്കണമെന്ന് ആവശ്യപ്പെട്ടത്. അതുകൊണ്ടാണ് താമസം നേരിട്ടത്.

IV. സബ്മിഷൻ

(1) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ശുദ്ധജലക്ഷാമം

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : സർ, എന്റെ നിയോജകമണ്ഡലത്തിലെ കുടിവെള്ളത്തിനു വളരെയധികം ബുദ്ധിമുട്ടുള്ള ഒരു പ്രദേശമാണ് നിഴൂർ പഞ്ചായത്ത്. അത് കണക്കിലെടുത്തുകൊണ്ട് 1984 ആദ്യം ആ പഞ്ചായത്തിൽ കുടിവെള്ളം കൊടുക്കുന്നതിനു ഡിപ്പാർട്ടുമെന്റ് മുഖേന പൈപ്പിടുകയും ഇന്നുവരെ ആ പൈപ്പുകളിലൂടെ വെള്ളം ഒഴുക്കാൻ കഴിഞ്ഞിട്ടില്ലെന്നുമുള്ളതാണ് എന്റെ പരാതി. പൈപ്പിട്ടിട്ട് രണ്ടു വർഷം കഴിഞ്ഞു, മൂന്നു വേനൽക്കാലം പിന്നിട്ടു. അവിടെയുള്ള ആളുകൾ ആ പൈപ്പുകളിൽ നിന്നും വെള്ളം ലഭിക്കുന്നതിനുവേണ്ടി കാത്തിരുന്നുമടുത്തു. ആ പൈപ്പിലൂടെ വെള്ളമൊഴുകണമെങ്കിൽ അവിടെ ഒരു ടാങ്ക് നിർമ്മിക്കണം. ടാങ്ക് നിർമ്മിക്കുന്നതിനുവേണ്ടി പലവട്ടം ബന്ധപ്പെട്ട അധികാരികളെ സമീപിച്ചപ്പോൾ കിട്ടുന്ന മറുപടി പണമില്ലെന്നാണ്. എത്രയാലും പുതിയ ആവേശത്തോടും വളരെ വൈവേത്തോടും ജലസേചനവകുപ്പ് ഏറ്റെടുത്ത പുതിയ ജലസേചന വകുപ്പുമന്ത്രി ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കുകയും അടുത്ത വേനലിനു മുമ്പായി ആ പ്രദേശത്തുള്ള ആളുകൾക്ക് കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്നഭ്യർത്ഥിക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

സർ, ശ്രീ. പി. സി. തോമസ് പറഞ്ഞ വിഷയത്തെ സംബന്ധിച്ചിടത്തോളം ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കാം. പക്ഷേ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽപ്പെട്ട നിഴൂർ പഞ്ചായത്തിലും വൈക്കം മുൻസിപ്പാലിറ്റിക്ക് സമീപമുള്ള പ്രദേശങ്ങളിലുമുള്ള ശുദ്ധജല വിതരണ പദ്ധതിക്ക് വേണ്ട വിപുലീകരണത്തിനുവേണ്ടിയുള്ള നടപടികൾ നടന്നുവരികയാണ്. വൈക്കം പഞ്ചായത്തിലെ ശുദ്ധീകരണ ശാലയ്ക്ക് വേണ്ടുന്ന പ്രവർത്തന ശേഷിയില്ലാത്തതുകൊണ്ട് അതിന്റെ പ്രവർത്തനശേഷി വിപുലീകരിക്കുന്ന നടപടികളാണ് എടുത്തിരിക്കുന്നത്. അതുപോലെതന്നെ പ്രസ്തുത പ്രദേശത്ത് വേണ്ടത്ര ശുദ്ധജലം എത്തിക്കണമെങ്കിൽ വൈക്കം പദ്ധതിയുടെ ശുദ്ധീകരണ ശാലയ്ക്ക് വേണ്ടത്ര വിപുലീകരണം നടത്തേണ്ടിയിരിക്കുന്നു. അതിനുള്ള നടപടികളും എടുത്തിട്ടുണ്ട്. അതിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. അതിന്റെ വേഗത കൂട്ടാം.

LIBRARY ARCHIVES Kerala Legislative Assembly